# CIFT Foundation Day -Mathrubhumi- 30-04-2022

## സിഫ്റ്റ് സ്ഥാപകദിനമാചരിച്ചു



സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ സ്ഥാപകദിനാചരണ പരിപാടി ഡോ. പി. പ്രവീൺ ഉദ്ഘാടനം ചെയ്യുന്നു

**തോപ്പുംപടി** ▸ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ 65-ാം സ്ഥാപകദിനാചരണ പരിപാടികൾ ഐ.സി.എ.ആർ. അസി. ഡയറക്ടർ ഡോ. പി. പ്രവീൺ ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ആക്ടിങ് ഡയറക്ടർ ഡോ. ലീല എഡ്വിൻ അധ്യക്ഷത വഹിച്ചു. ഡോ. കെ. ഗോപകുമാർ, ഡോ. എം.കെ. മുകുന്ദൻ, ഡോ. ടി.കെ. ശ്രീനിവാസ ഗോപാൽ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടി.വി. ശങ്കർ, ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ഓഫീസർ പി.പി. അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു. മികച്ച മാർക്ക് നേടിയ സിഫ്റ്റ് ജീവനക്കാരുടെ കുട്ടികൾക്കുള്ള മെറിറ്റ് അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. സിഫ്റ്റ് ടെക്നോളജി മികച്ച രീതിയിൽ ഉപയോഗിച്ച് സംരംഭക വിജയം നേടിയ അഞ്ചു നവസംരംഭകരെയും ചടങ്ങിൽ ആദരിച്ചു.